| | | | |
|---|---|---|---|
| 1. | മെഡിക്കൽ ഓഫീസർ | - | 1 |
| 2. | സ്റ്റാഫ് നഴ്സ് | - | 5 |
| 3. | നഴ്സിംഗ് അസിസ്റ്റന്റ് | - | 2 |
| 4. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് | -1 | -1 |
| 5. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് | -2 | -2 |

(ബി) പണി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി)

| വർഷം | ലഭിച്ചതുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 95-96 | 8 ലക്ഷം | 7.46 ലക്ഷം |
| 96-97 | 11 ലക്ഷം | 10.86 ലക്ഷം |
| 97-98 | 11.29 ലക്ഷം | 12.31 ലക്ഷം |
| 98-99 | 20 ലക്ഷം | 11.74 ലക്ഷം |
| 99-2000 | ..... | ..... |
| 2000-2001 | 8.5 ലക്ഷം | ..... |

മുനിസിപ്പാലിറ്റി ഇതിനുവേണ്ടി നാളിതുവരെ തുക അനുവദിച്ചിട്ടില്ല.

(ഡി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പു ഉദ്യോഗസ്ഥൻമാരുടെയോ പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥൻമാരുടെയോ ഭാഗത്തുനിന്ന് യാതൊരു വീഴ്ചകളും ഇതുവരെ ഉണ്ടായതായി റിപ്പോർട്ടു ചെയ്തിട്ടില്ല.

## തിരുവല്ലാ താലൂക്കു ഗവൺമെന്റ് ആശുപത്രിയിൽ അസിസ്റ്റന്റ് സർജന്റെ ഒഴിവ്

136 (794)ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫസ്റ്റ് റഫറൽ യൂണിറ്റായി ഉയർത്തിയിട്ടുള്ള തിരുവല്ലാ താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ഒരു അസിസ്റ്റന്റ് സർജന്റെ ഒഴിവ് നാളുകളായിട്ടും നികത്തിയിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത ഒഴിവിൽ ഒരു സർജനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ നിയമനം എപ്പോൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) 12.6.2000 ലെ ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ ഒരു സർജനെ തിരുവല്ലാ താലൂക്കാശുപത്രിയിൽ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**കോന്നി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ സൗകര്യങ്ങൾ**

137 (795)ശ്രീ. അടൂർ പ്രകാശ് താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും ഇപ്പോൾ ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗിക്കാൻ നടപടിയുണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് കോന്നി സീനിയർ സിറ്റിസൺസ് ഫോറം നൽകിയ നിവേദനത്തിൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ;

(ബി) കോന്നി നിയോജകമണ്ഡലത്തിന്റെ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഈ ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ആശുപത്രിയുടെ ഗ്രേഡ് ഉയർത്താനുമുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ഇവിടെ കൂടുതൽ സൗകര്യങ്ങൾ ഈ സാമ്പത്തികവർഷം തന്നെ ലഭ്യമാക്കാനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) കോന്നി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 12 കിടക്കകൾ ഉള്ള ഒരു പുതിയ വാർഡുണ്ട്. ജലവും വൈദ്യുതിയും ഇവിടെ ലഭിച്ചിട്ടില്ല. ജലവിതരണത്തിനും വൈദ്യുതീകരണത്തിനുമുള്ള ക്രമീകരണങ്ങൾ എത്രയുംവേഗം സ്വീകരിക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് സീനിയർ സിറ്റിസൺ ഫോറം നൽകിയ നിവേദനത്തിൻമേൽ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവിടെ സ്റ്റാഫ് നേഴ്സ് 2, ഹോസ്പിറ്റൽ അറ്റൻഡന്റ് -1, നഴ്സിംഗ് അസിസ്റ്റന്റ് - 2, എന്നീ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരികയാണ്.

(ബി) ഇപ്പോൾ പ്രസ്തുത പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഗ്രേഡ് ഉയർത്താനുള്ള നിർദ്ദേശം പരിഗണനയിലില്ല.